(സി) ജനകീയാസൂത്രണം ആരംഭിച്ചശേഷം ഏതെല്ലാം കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറഞ്ഞിട്ടുണ്ട്;

(ഡി) ഇപ്രകാരം ഈ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറയുവാനുള്ള കാരണങ്ങൾ എന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)-(ഡി) ഈ വിവരം കൃഷിവകുപ്പിൽ ലഭ്യമല്ല.

97 (3422) ജനകീയാസൂത്രണ പദ്ധതിയനുസരിച്ചുള്ള ഏത്തവാഴക്കൃഷി

ശ്രീ. എം. മുരളി :
ശ്രീ. എഴുകോൺ നാരായണൻ :
ഡോ. എം.എ. കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണം ആരംഭിച്ചശേഷം ഓരോ വർഷവും എത്ര ഏക്കർ സ്ഥലത്ത് പ്രസ്തുത പദ്ധതിയനുസരിച്ചുള്ള ഏത്തവാഴക്കൃഷി നടത്തിയിട്ടുണ്ട്;

(ബി) ഓരോ വർഷവും ഒട്ടാകെ എത്ര വാഴ ക്കുലകൾ ഉൽപ്പാദിപ്പിച്ചു; ഇവയ്ക്ക് എന്തുവില വരും;

(സി) ഇതിൽനിന്നും എന്തു തുകയ്ക്കുള്ള ഏത്തക്കുലകൾ ഹരിത സംഭരിച്ചു;

(ഡി) ഏതൊക്കെ താലൂക്കുകളിൽനിന്നാണ് ഏറ്റവും കൂടുതൽ ഏത്തക്കുലകൾ ഹരിത സംഭരിച്ചതെന്നും അതിന് എന്തുവില കൊടുത്തുവെന്നും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ)-(ഡി) ഈ വിവരം കൃഷിവകുപ്പിൽ ലഭ്യമല്ല.

98 (3423) ജനകീയാസൂത്രണ പദ്ധതിപ്രകാരം ഏത്തവാഴക്കൃഷി ചെയ്യുന്നതിനുള്ള വാഴക്കന്നുകൾ

ശ്രീ. പി.ജെ. ജോയി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിപ്രകാരം ഏത്തവാഴക്കൃഷി ചെയ്യുന്നതിനുള്ള വാഴക്കന്നുകൾ കർഷകർക്ക് എപ്രകാരമാണ് ലഭിച്ചത്;

(ബി) ഗവൺമെന്റിന് ഓരോ വർഷവും എത്ര വാഴക്കന്നുകൾ വീതം ഈ പദ്ധതിപ്രകാരമുള്ള കൃഷിക്ക് വിതരണം ചെയ്യുവാൻ കഴിഞ്ഞു;

(സി) ഓരോ ജില്ലയിലും ഏറ്റവും കൂടുതൽ വാഴക്കന്ന് ആർക്കൊക്കെയാണ് നൽകിയത് എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly